DCIDK/2123/2020 - DM1 (1)

18.05.2020 തീയതിയിൽ ചേർന്ന ഇടുക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗത്തിന്റെ നടപടി കുറിപ്പുകൾ.

യോഗ നടപടികൾ രാവിലെ 11.30 ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും ചെയർമാൻ യോഗത്തിലേക്ക് സ്വാഗതം ചെയ്തു. യോഗത്തിൽ പങ്കെടുത്തവരുടെ ഹാജർ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | തസ്തിക |
|---|---|---|
| 1. | ശ്രീ. എച്ച്. ദിനേശൻ. ഐ.എ.എസ് | ജില്ലാ കളക്ടർ & ചെയർമാൻ DDMA, ഇടുക്കി |
| 2. | ശ്രീ. ആൻറണി സ്കറിയ | എ.ഡി.എം. |
| 3. | ശ്രീമതി. കൊച്ചു ത്രേസ്യാ പൌലോസ് | പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത് |
| 4. | ശ്രീ. കണ്ണൻ.എം.വി.ജി | ഡി.എഫ്.ഒ, മൂന്നാർ |
| 5. | ശ്രീ. സുഹൈബ്. പി.ജെ | ഡി.എഫ്.ഒ, മാങ്കുളം |
| 6. | ശ്രീ. ബി. രഞ്ജിത്ത്. | ഡി.എഫ്.ഒ, മറയൂർ |
| 7. | ശ്രീ. റെജി.വി.കുര്യാക്കോസ് | ജില്ലാ ഫയർ ഓഫീസർ, ഇടുക്കി |
| 8. | ശ്രീ.എൻ. സതീഷ്കുമാർ | ജില്ലാ ഇൻഫർമേഷൻ ഓഫീസർ & പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ |
| 9. | ഡോ. പ്രിയ .എൻ | ഡി.എം.ഒ (ഹെൽത്ത്), ഇടുക്കി |
| 10. | ശ്രീ. അതുൽ സ്വാമിനാഥ് | ആർ.ഡി.ഒ, ഇടുക്കി |
| 11. | ശ്രീമതി. ഷാഹിനാ രാമകൃഷ്ണൻ | എസ്.എസ്. ആർ.ഡി.ഒ, ദേവികുളം . |
| 12. | ശ്രീ. വി.പി. ജാഫർഖാൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്യൂ.ഡി, റോഡ്സ്, സബ്ഡിവിഷൻ, ഇടുക്കി |
| 13. | ശ്രീ. ഷാജി , തുണ്ടത്തിൽ | ഡി.പി.സി. മെമ്പർ |

| | | |
|---|---|---|
| 14. | ശ്രീ. കെ.വി. കുര്യാക്കോസ് | ഡി.ഡി.പി |
| 15. | ശ്രീ. റഹീം. എ.എം | ഡെപ്യൂട്ടി , കെ. എസ്. ഇ. ബി., തൊടുപുഴ |
| 16. | ശ്രീ. അലോഷി പോൾ | എക്സിക്യൂട്ടീവ് എഞ്ചിനീയർ,ഡാം സേഫ്റ്റി |
| 17. | ശ്രീ. സിനോഷ്. സി.എസ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ,എം.വി.ഐ.പി. ഡിവിഷൻ.നം.3,മൂവാറ്റുപുഴ |
| 18. | ശ്രീ. ബിനു ബേബി | എക്സിക്യൂട്ടീവ് എഞ്ചിനീയർ,മൈനർ ഇറിഗേഷൻ,ഇടുക്കി. |
| 19. | ശ്രീ. സന്തോഷ് ജോസഫ് | |
| 20. | ശ്രീ.സജിഷ്.ആർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 21. | ശ്രീ. സന്തോഷ് കുമാർ | മുനിസിപ്പൽ സെക്രട്ടറി, കട്ടപ്പന മുനിസിപ്പാലിറ്റി |
| 22. | ശ്രീ.എ.എം. സലിം | എസ്.എഫ്.ഒ, തൊടുപുഴ |
| 23. | ശ്രീ. എ.വി.പ്രദീപ് കുമാർ | എസ്.എഫ്.ഒ, തൊടുപുഴ |
| 24. | ശ്രീമതി. രാജശ്രീ.പി. നായർ | മുനിസിപ്പൽ സെക്രട്ടറി,തൊടുപുഴ മുനിസിപ്പാലിറ്റി |
| 25. | ശ്രീ.ഷാജിമോൻ.കെ.ജെ | സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് എഡ്യുക്കേ ഷണൽ ഓഫീസ്, കട്ടപ്പന |
| 26. | ശ്രീ. എം.ആർ. രാജൻ | ഡെപ്യൂട്ടി റെഞ്ച് ഓഫീസർ, കാളിയാർ, കോതമംഗലം ഫോറസ്റ്റ് ഡിവിഷൻ |
| 27. | ശ്രീ. ജോജി.എം.ജെയിംസ് | ഡെപ്യൂട്ടി റെഞ്ച് ഓഫീസർ,കോട്ടയം |

| | | |
|---|---|---|
| 28. | ശ്രീ.സമീർ.എ.കെ | അസിസ്റ്റൻറ് വൈൽഡ് ലൈഫ് വാർഡൻ, മൂന്നാർ |
| 29. | ശ്രീ.എം.ജി. വിനോദ് കുമാർ | അസിസ്റ്റൻറ് വൈൽഡ് ലൈഫ് വാർഡൻ, ഇടുക്കി |
| 30. | ശ്രീ. ബിജു സെബാസ്റ്റ്യന്ഢ | സീനിയർ ജിയോളജിസ്റ്റ്, മൈനിംഗ് & ജിയോളജി |
| 31. | ശ്രീമതി. ദീപ.റ്റി | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്യൂ.ഡി. എൻ.എച്ച്. (ആർ) ഡിവിഷൻ, മൂവാറ്റുപുഴ |

യോഗത്തിൻെറ അജണ്ട ചെയർമാൻ അവതരിപ്പിച്ചു.

i) 2020 കാലവർഷ മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അവലോകനം ചെയ്യുന്നതിനും, തുടർന്ന് കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ചും തീരുമാനങ്ങൾ എടുക്കുന്നത് സംബന്ധിച്ച്,

ii) ജില്ലയിൽ സ്കൂൾ സേഫ്റ്റി പ്രോഗ്രാം നടപ്പിലാക്കുന്നത് സംബന്ധിച്ച്,

iii) 2020 വരൾച്ചയുമായി ബന്ധപ്പെട്ട് ജില്ലയിൽ കുഴൽ കിണറുകളുടെ നിർമ്മാണത്തിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ ലംഘിച്ച രണ്ട് വാഹനങ്ങൾക്ക് പിഴ ഈടാക്കുന്നത് സംബന്ധിച്ച്.

iv) ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ പുറപ്പെടുവിച്ച 27 ഉത്തരവുകൾ യോഗത്തിൻെറ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്.

2020 കാലവർഷ മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് യോഗം വിശദമായി ചർച്ച ചെയ്ത് ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

- റോഡരികിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ/ശിഖരങ്ങൾ നീക്കം ചെയ്യുവാൻ പൊതുമരാമത്ത് റോഡ്സ്, എൻ.എച്ച്, എൽ.എസ്.ജി.ഡി നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചു. റോഡിന്റെ വശങ്ങളിൽ വനഭൂമിയിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ/ ശിഖരങ്ങൾ മുറിച്ച് നീക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമായി ചേർന്ന് സോഷ്യൽ ഫോറസ്ട്രി വിഭാഗം അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ/ശിഖരങ്ങൾ മൂലം അപകടം /നാശനഷ്ടം ഉണ്ടായാൽ നഷ്ടപരിഹാരം ടി വ്യക്തി വഹിക്കേണ്ടതാണെന്നും, ഇത് സംബന്ധിച്ച് പത്രക്കുറിപ്പ് പ്രസിദ്ധീകരിക്കുന്നതിനും തീരുമാനിച്ചു.
- സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ/ശിഖരങ്ങൾ മുറിച്ച് നീക്കുന്നതിന് അപേക്ഷ ലഭിക്കുന്ന മുറക്ക് ട്രീ കമ്മിറ്റി യോഗം ചേർന്ന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി. ടി വിഷയത്തിൽ ഏതെങ്കിലും തരത്തിലുള്ള തർക്കങ്ങൾ ഉണ്ടാകുന്ന പക്ഷം അടിയന്തരമായി പരിഹരിച്ച് ഉത്തരവ് നൽകുന്നതിന് റവന്യു ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തി.
- വിവിധ വകുപ്പുകളുടെ ഓഫീസ് പരിസരത്ത് അപകടകരമായി നിൽക്കുന്ന മരങ്ങൾ/ശിഖരങ്ങൾ നീക്കം ചെയ്യുവാൻ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ആരോഗ്യ വകുപ്പ് അടിയന്തിരമായി ആശാവർക്കർമാരുടെയും പി.എച്ച്.സി ജീവനക്കാരുടെയും ജില്ലാ തല യോഗം ചേരേണ്ടതും സുരക്ഷാ ക്രമീകരണങ്ങൾ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. മഴക്കാലത്തുണ്ടാകുന്ന പകർച്ചവ്യാധികൾ പ്രതിരോധിക്കാൻ ആവശ്യമായ മരുന്നുകൾ ശേഖരിച്ച് സൂക്ഷിക്കേണ്ടതും ആശുപത്രികളും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും സജീവമായി പ്രവർത്തിക്കേണ്ടതുമാണ്. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി ജില്ലയിലെ താലൂക്കുകൾ കേന്ദ്രീകരിച്ച് ആംബുലൻസുകൾ (എ.എൽ.എസ് സൌകര്യത്തോടുകൂടിയതും) സജ്ജമാക്കേണ്ടതുമാണ്.
- മലവെള്ള കുത്തൊഴുക്ക് ഉണ്ടായേക്കാവുന്ന നദീതീരങ്ങൾ (കുളിക്കടവുകൾ), മണ്ണിടിച്ചിൽ ഉണ്ടായേക്കാവുന്ന മേഖലകൾ എന്നിവിടങ്ങളിൽ പ്രത്യേക മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഇപ്രകാരമുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിന് ജില്ലാ ടൂറിസം പ്രോമോഷൻ കൗൺസിൽ, ടൂറിസം വകുപ്പ് എന്നിവ നടപടികൾ

സ്വീകരിക്കേണ്ടതാണ്. ഇത്തരം ബോർഡുകൾ മലയാളം, ഹിന്ദി, തമിഴ്, ഇംഗ്ലീഷ് എന്നീ വ്യത്യസ്ത ഭാഷകളിൽ സ്ഥാപിക്കേണ്ടതാണ്.

- റോഡിൻെറ വശങ്ങളിൽ കാഴ്ച മറയുന്ന രീതിയിൽ വളർന്നു നില്ക്കുന്ന കുറ്റിക്കാടുകളും റോഡിലേയ്ക്ക് ചരിഞ്ഞ് നില്ക്കുന്ന മരങ്ങളുടെ ശിഖരങ്ങളും മുറിച്ചു മാറ്റുന്നതിനും നിലവിലുള്ള മുന്നറിയിപ്പു ബോർഡുകൾ വൃത്തിയാക്കുന്നതിനും ആവശ്യമെങ്കിൽ പുതിയവ സ്ഥാപിക്കുന്നതിനും PWD Roads, NH വകുപ്പുകൾ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പോലീസ്/ ഫയർ & റസ്ക്യൂ വകുപ്പുകളുടെ കൈവശമുള്ള എല്ലാ അസ്കാ ലൈറ്റുകളും, ചെയിൻ സോ- കളും പ്രവർത്തനസജ്ജമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
- ജില്ലയിലെ എല്ലാ സ്കൂൾ കെട്ടിടങ്ങളുടെയും സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതും, പരിസരങ്ങൾ പൂർണ്ണമായും വൃത്തിയാക്കി ഇഴജന്തുക്കളുടെ സാന്നിദ്ധ്യമില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തി.
- റോഡുകളുടെ വശങ്ങളിലുള്ള ഓടകൾ വൃത്തിയാക്കുന്നതിനും, ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും PWD Roads, NH, LSGD വകുപ്പുകൾ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി.
- ജില്ലയിലെ പ്രധാന റോഡുകളുടെ സെൻട്രൽ ലൈൻ വ്യക്തമായി കാണത്തക്ക രീതിയിൽ വരയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ PWD Roads, NH എന്നിവയെ ചുമതലപ്പെടുത്തി.
- പ്രളയത്തിൻെറ ഭാഗമായി പുഴകളിൽ അടിഞ്ഞു കൂടിയ എക്കൽ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നതായും, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നതായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ആയത് ഊർജ്ജിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ജില്ലയിലെ എല്ലാ സർക്കാർ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി എസ്.എം.എസ് ഗ്രൂപ്പുകൾ തയ്യാറാക്കുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ എസ്.എം.എസ് മുഖേന നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ജില്ലാ ഇൻഫർമാറ്റിക് ഓഫീസറെ ചുമതലപ്പെടുത്തി.
- അടിയന്തര സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി എസ്.എം.എസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാ ഇൻഫർമാറ്റിക് ഓഫീസറെ ചുമതലപ്പെടുത്തി.

- രണ്ട് ദിവസം തുടർച്ചയായി മഴപെയ്യാൽ, ഇത്തരത്തിൽ മഴപെയ്യുന്ന വില്ലേജുകളിൽ ഉള്ള പാറമടകളിൽ പാറപൊട്ടിക്കുന്നത്, മഴപെയ്യാതെ 24 മണിക്കൂർ സമയം ഉണ്ടാകുന്നതു വരെ നിർത്തി വെക്കുവാൻ ഉത്തരവ് നൽകുന്നതിന് ജിയോളജിസ്റ്റിനെ ചുമതലപ്പെടുത്തി.
- പാറമടകളിലെ കുളങ്ങൾക്ക് ചുറ്റും ഉറപ്പും, ഉയരവും ഉള്ള മുള്ള് വേലി/ കമ്പിവേലി/ മതിൽ കെട്ടിസംരക്ഷിക്കേണ്ടതാണ്. ഈ നിർദ്ദേശം എല്ലാ സ്വകാര്യ പാറമട ഉടമസ്ഥരും 45 ദിവസത്തിനുള്ളിൽ പാലിച്ചു എന്ന് ഉറപ്പ് വരുത്തണം. പ്രവർത്തനം നിലച്ച പാറമട കുളങ്ങൾ ഉള്ള പാറമട ഉടമസ്ഥർക്കും ഈ തീരുമാനം ബാധകമാണ്.
- പുറമ്പോക്കിൽ ഉള്ള, നിലവിൽ പ്രവർത്തനം നിലച്ച പാറമടകളിൽ ഉള്ള ഇത്തരം കുളങ്ങൾക്ക് ചുറ്റും വേലി/ കമ്പിവേലി/ മതിൽ കെട്ടി സംരക്ഷിക്കേണ്ടത്തിൻെറ ചുമതല മൈനിംഗ് ആൻറ് ജിയോളജി വകുപ്പിനാണ്. ഇതിനാവശ്യമായ തുക പ്രസ്തുത വകുപ്പ് Quarry Safety Fund/ District Mineral Foundation Fund ൽ നിന്നും കണ്ടെത്തേണ്ടതാണ്.
- ജില്ലയുടെ വിവിധ ഭാഗങ്ങളിലുള്ള പടുതാ കുളങ്ങൾ സംബന്ധിച്ച് പരിശോധനകൾ നടത്തി അപകടാവസ്ഥ ഇല്ലായെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. പടുതാ കുളങ്ങൾക്ക് സുരക്ഷാ വേലികൾ നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ചെറുകിട ജലസേചന വകുപ്പ് നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകി.
- ജില്ലയിൽ പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ സന്നദ്ധ സേനകൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് 40 ഗ്രാമ പഞ്ചായത്തുകളിൽ ടി സേന രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും ഓരോ ഗ്രാമ പഞ്ചായത്തിലും 20 വീതം വോളൻറിയർമാർ ഉള്ളതായും, ടി വോളണ്ടിയർമാർക്കുള്ള പരിശീലന പരിപാടികൾ അവസാന ഘട്ടത്തിലാണെന്നും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് അറിയിച്ചു. ജില്ലാ ഫയർ ഓഫീസറുമായി ചേർന്ന് എത്രയും വേഗം പരിശീലന പരിപാടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിന് ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

- ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ലഭ്യമായ ജെ.സി.ബി, ഹിറ്റാച്ചി, മരം മുറിക്കുന്നതിനുള്ള യന്ത്രങ്ങൾ എന്നിവ കണ്ടെത്തി ഇവയുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് മുഖേന ക്രോഡീകരിച്ച് 30.05.2020 ന് മുമ്പായി DEOC യിൽ ലഭ്യമാക്കേണ്ടതാണെന്നും തീരുമാനിച്ചു. ഡാമുകളുടെ ഷട്ടറുകൾ തുറന്ന് ജലം പുറത്തേക്കൊഴുക്കേണ്ട സാഹചര്യത്തിന്റെ മുൻകരുതലായി ജല ബഹിർഗമന പാതയിലൂടെ ഇരുവശങ്ങളിലുള്ള, മാറ്റി പാർപ്പിക്കേണ്ടവരുടെ വിവര ശേഖരണം നടത്തി ലിസ്റ്റ് തയ്യാറാക്കി DEOC യിൽ സമർപ്പിക്കുന്നതിന് തഹസിൽദാർമാരെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.
- ക്യാമ്പുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കാലവർഷ – തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖയിൽ പരാമർശിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ റവന്യു/ എൽ.എസ്.ജി.ഡി വകുപ്പുകളെ ചുമതലപ്പെടുത്തി തീരുമാനിച്ചു.
- ദുരന്ത സാദ്ധ്യതാ മേഖലകൾ, പുറമ്പോക്കിലുള്ളവർ എന്നിങ്ങനെ മാറ്റി പാർപ്പിക്കേണ്ട എല്ലാ വ്യക്തികളുടെയും വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് സമർപ്പിക്കുവാൻ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിന് നിർദ്ദേശം നൽകി.
- പൊതുമരാമത്ത്, കെ.എസ്.ഇ.ബി മുതലായ വകുപ്പുകൾ റോഡുകളുടെ വശങ്ങളിലുള്ള മരങ്ങൾ/ ചില്ലകൾ മുറിച്ചതിന് ശേഷം പ്രസ്തുത റോഡുകളുടെ വശങ്ങളിൽ ഉപേക്ഷിക്കുന്ന സാഹചര്യമുണ്ടെന്ന് തൊടുപുഴ മുനിസിപ്പൽ സെക്രട്ടറി യോഗത്തിൽ അറിയിച്ചു. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് യോഗത്തിൽ നിർദ്ദേശം നല്കി.
- ജില്ലയിലെ അപകട സാദ്ധ്യതാമേഖലകൾ സംബന്ധിച്ച് SDMA മുഖേന ഭൂപടങ്ങൾ തയ്യാറാക്കുന്നതിന് DEOC യിലെ ഹസാർഡ് അനലിസ്റ്റിനെ ചുമതലപ്പെടുത്തി.
- അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനായി ഫയർ ആൻറ് റസ്ക്യൂ വകുപ്പിന് ഡിങ്കികൾ വാങ്ങി നല്കണമെന്ന് ജില്ലാ ഫയർ ഓഫീസർ ആവശ്യപ്പെട്ടു. ഒരു ഡിങ്കിക്ക് ഏകദേശം 1.90 ലക്ഷം രൂപ വില മതിക്കുമെന്നും ഇവയിൽ സ്ഥാപിക്കുന്നതിനുള്ള എൻജിനുകൾ ലഭ്യമാണെന്നും അദ്ദേഹം അറിയിച്ചു. ഇവ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ ഫയർ ഓഫീസർക്ക് യോഗത്തിൽ നിർദ്ദേശം നല്കി.
- സ്കൂളുകളുടെ കോമ്പൗണ്ടുകളിൽ അപകടാവസ്ഥയിൽ നില്ക്കുന്ന മരങ്ങൾ/ശിഖരങ്ങൾ മുറിച്ചു നീക്കി അപകട സാദ്ധ്യത ഒഴിവാക്കേണ്ടത് വളരെ അടിയന്തരമാണെന്ന്

ജില്ലാ ഫയർ ഓഫീസർ അറിയിച്ചു. സ്വകാര്യ സ്കൂളുകളിലുൾപ്പെടെ ഇത്തരത്തിൽ അപകടകരമായി മരങ്ങൾ / ശിഖരങ്ങൾ ഉണ്ടെങ്കിൽ എത്രയും വേഗം അടിയന്തര നടപടികൾ സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

- റോഡുകളുടെ വശങ്ങളിലെ ഓടകൾക്ക് മുകളിൽ സ്ഥാപിച്ചിട്ടുള്ള സ്ലാബുകൾ പരിശോധിക്കുന്നതിനും അപകടാവസ്ഥയിലുള്ളവ എത്രയും വേഗം മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും പൊതുമരാമത്ത് റോഡ്സ് , എൻ.എച്ച്, എൽ.എസ്.ജി.ഡി എന്നീ വകുപ്പുകൾക്ക് നിർദ്ദേശം നല്കി.
- മണ്ണിടിച്ചിൽ/ഉരുൾപ്പൊട്ടലിനുള്ള സാദ്ധ്യത മുൻനിർത്തി മൺസൂൺ ആരംഭിക്കുന്ന ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ മണ്ണു മാന്തി യന്ത്രങ്ങൾ ഉപയോഗിച്ചുള്ള മണ്ണെടുപ്പ് ജില്ലയിൽ നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ജിയോളജിസ്റ്റ് ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു.
- ജില്ലയിലുള്ള അംഗൻവാടികളുടെയും സ്കൂൾ ബസുകളുടെയും ഫിറ്റ്നസ് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ വനിതാ ശിശു വികസന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകളെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.
- വനമേഖലയിൽ അധിവസിക്കുന്ന പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് മൺസൂൺ കാലത്ത് ഭക്ഷ്യലഭ്യത ഉറപ്പാക്കുന്നതിനും ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കേണ്ട സാഹചര്യമുണ്ടെങ്കിൽ ബന്ധപ്പെട്ട തഹസിൽദാരുമായി ചേർന്ന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും പട്ടിക ജാതി/ പട്ടിക വർഗ്ഗ വകുപ്പുകളെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.
- ഇടമലക്കുടി വനമേഖലയിലെ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ മൺസൂൺ കാലത്തിന് മുമ്പായി പൂർത്തീകരിക്കേണ്ടതുണ്ടെന്നും എന്നാൽ വനം വകുപ്പിൻെറ അനുമതി ലഭ്യമാകാത്തതിനാൽ ടി പ്രവൃത്തി നിർവ്വഹിക്കാൻ സാധിക്കുന്നില്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ യോഗത്തിൽ അറിയിച്ചു. പ്രവൃത്തി നിർവ്വഹിക്കുന്നിനുള്ള അനുമതിക്കായി വനം വകുപ്പിനെ സമീപ്പിച്ചാൽ എത്രയും വേഗം അനുമതി നൽകുന്നതാണെന്ന് മൂന്നാർ ഡി.എഫ്.ഒ അറിയിച്ചു. കാലതാമസം നേരിടുന്ന പക്ഷം റിപ്പോർട്ട് സമർപ്പിച്ചാൽ ദുരന്ത നിവാരണ നിയമ പ്രകാരം ഉത്തരവ് നൽകുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു.
- എസ്.ഡി.എം.എ യിൽ നിന്നും 2020 വർഷത്തെ കാലവർഷ – തുലാവർഷ മുന്നൊരുക്ക ദുരന്ത നിവാരണ പ്രതികരണ മാർഗ്ഗരേഖയുടെ കരട് ലഭ്യമാക്കിയിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിച്ചു. പ്രസ്തുത മാർഗ്ഗരേഖ

അംഗീകരിച്ച് സമർപ്പിക്കുന്ന മുറക്ക് എല്ലാ വകുപ്പുകൾക്കും അയച്ചു നൽകുന്നതാണെന്നും ആയതിൽ ഓരോ വകുപ്പുകളെയും ചുമതലപ്പെടുത്തിയിട്ടുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

- 2020 വർഷത്തെ വരൾച്ചയുടെ ഭാഗമായി കുഴൽകിണറുകളുടെ നിർമ്മാണത്തിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ ലംഘിച്ച് കുഴൽകിണർ നിർമ്മാണം നടത്തിയതിന്റെ പേരിൽ കസ്റ്റഡിയിലെടുത്ത രണ്ട് വാഹനങ്ങൾക്ക് ദുരന്ത നിവാരണ നിയമ പ്രകാരം 25,000/- രൂപ വീതം പിഴ ഈടാക്കി വിട്ടുതൽ ചെയ്യുന്നതിന് തീരുമാനിച്ചു.
- ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ പുറപ്പെടുവിച്ച ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്ന 27 ഉത്തരവുകൾ യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ടി ഉത്തരവുകൾ യോഗം ഐക്യകണ്ഠേന അംഗീകരിക്കുകയും ചെയ്തു.

യോഗനടപടികൾ പൂർത്തീകരിച്ച് ഉച്ചയ്ക്ക് 12.30 ന് യോഗം അവസാനിച്ചു.

ജില്ലാ കളക്ടർ

പകർപ്പ് – 1) യോഗത്തിൽ പങ്കെടുത്തഎല്ലാവർക്കും.

2) യോഗ തീരുമാനം ബാധകമായ ഓഫീസ് മേധാവികൾക്ക് –

നിർദ്ദേശങ്ങൾ ഏറ്റവും വേഗത്തിൽ നടപ്പിൽ വരുത്തേണ്ടതാണ്.

# അനുബന്ധം

| ക്രമ നം | വിഷയം | നടപടിക്രമത്തിൻെറ നം. തീയതി |
|---|---|---|
| 1. | കോവിഡ്-19, ജില്ലയിലെ റിസോർട്ടുകൾ, ഹോട്ടലുകൾ, എന്നിവിടങ്ങളിലെ ബുക്കിംഗുകൾക്ക് നിരോധനം ഏർപ്പെടുത്തിയുള്ള ഉത്തരവ് | DCIDK/1640/2020 – DM1 (1) തീയതി 10.03.2020 |
| 2. | കോവിഡ്-19, തേക്കടി ബോട്ട് സർവ്വീസ്, ഇരവികുളം ദേശീയ ഉദ്യാന സന്ദർശനം എന്നിവയുടെ പ്രവർത്തനം റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവ് | DCIDK/1640/2020 – DM1 തീയതി 10.03.2020 |
| 3. | കോവിഡ്-19, ജില്ലയിലെ റിസോർട്ടുകൾ, ഹോട്ടലുകൾ, എന്നിവിടങ്ങളിലെ ബുക്കിംഗുകൾക്ക് നിരോധനം ഏർപ്പെടുത്തിയുള്ള ഉത്തരവ് | DCIDK/1640/2020 – DM1 തീയതി 11.03.2020 |
| 4. | കോവിഡ്-19, ജില്ലയിലെ ടൂറിസവും ട്രക്കിംഗുമായി ബന്ധപ്പെട്ട് ജില്ലയിലെ ജീപ്പ് സവാരി നിരോധിച്ച കൊണ്ടുള്ള ഉത്തരവ് | DCIDK/1640/2020 – DM1 തീയതി 16.03.2020 |
| 5. | കോവിഡ്-19, ജില്ലയിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ടൂറിസം സെൻററുകളുടെ പ്രവർത്തനത്തിന് നിരോധനം ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് | DCIDK/1640/2020 – DM1 (1) തീയതി 16.03.2020 |
| 6. | കോവിഡ്-19, ജില്ലയിൽ തഹസിൽദാർമാരെ താലൂക്ക് തല ഇൻസിഡൻറ് കമാൻറർമാരായി നിയമിച്ച കൊണ്ടുള്ള ഉത്തരവ് | DCIDK/1640/2020 – DM1 (4) തീയതി 25.03.2020 |
| 7. | കോവിഡ്-19, അതിഥി തൊഴിലാളികളുടെ താമസവും സംരക്ഷണവും ഉറപ്പ വരുത്തുന്നത് സംബന്ധിച്ച് | DCIDK/1640/2020 – DM1 (1) തീയതി 25.03.2020 |
| 8. | കോവിഡ്-19, നിയന്ത്രണ പ്രവർത്തനം- ബ്ളോക്ക് തല ഏകോപനസമിതി രൂപീകരിച്ച കൊണ്ടുള്ള ഉത്തരവ് | DCIDK/1640/2020 – DM1 തീയതി 28.03.2020 |
| 9. | കോവിഡ്-19, ജില്ലയിലെ നിയന്ത്രണ പ്രവർത്തനം- ബ്ലോക്ക് തല കൺവീനർ നിയമിച്ച കൊണ്ടുള്ള ഭേദഗതി ഉത്തരവ് | DCIDK/1640/2020 – DM1 (2) തീയതി 30.03.2020 |
| 10. | കോവിഡ്-19, ജില്ലയിലെ അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് തഹസീൽദാർമാരെ ചുമതലപ്പെടുത്തിയ ഉത്തരവ് | DCIDK/1640/2020 – DM1 (1) തീയതി 01.04.2020 |

| | | |
|---|---|---|
| 11. | കോവിഡ്-19, ജില്ലാ പ്രോജക്റ്റ് കോ-ഓർഡിനേറ്റർ, സ്പിയർ ഇന്ത്യയ്ക്ക് ഓണറേറിയം അനുവദിച്ച് കൊണ്ടുള്ള ഉത്തരവ് | DCIDK/1640/2020 – DM1 (1) തീയതി 07.04.2020 |
| 12. | കോവിഡ്-19, ഇടുക്കി ജില്ലയിലെ തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ നിരീക്ഷണത്തിന് ജീവനക്കാരെ നിയോഗിച്ച് കൊണ്ടുള്ള ഉത്തരവ് | DCIDK/1640/2020– DM1 തീയതി 13.04.2020 |
| 13. | കോവിഡ്-19 – NGO കളുടെ കോ-ഓർഡിനേഷനായി ജില്ലാ തല നോഡൽ ഓഫീസറെ നിയോഗിച്ച് കൊണ്ടുള്ള ഉത്തരവ് | DCIDK/1640/2020– DM1 (5) തീയതി 23.04.2020 |
| 14. | കോവിഡ്-19 – ഹോട്ട് സ്പോട്ടുകളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് | DCIDK/1640/2020– DM1 തീയതി 25.04.2020 |
| 15. | കോവിഡ്-19 – അയൽ സംസ്ഥാനങ്ങളിൽ നിന്ന് ജില്ലയിലേയ്ക്ക് പച്ചക്കറി, പലവ്യഞ്ജനം ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങൾ എത്തിക്കുന്ന ഡ്രൈവർമാർക്ക് 14 ദിവസത്തെ നിരീക്ഷണം ഉറപ്പാക്കുന്നത് സംബന്ധിച്ച ഉത്തരവ് | DCIDK/1640/2020– DM1 (2) തീയതി 25.04.2020 |
| 16. | കോവിഡ്-19 – ഇടുക്കി ജില്ല റെഡ് സോണായി പ്രഖ്യാപിച്ചത് - കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് | DCIDK/1640/2020– DM1 (6) തീയതി 27.04.2020 |
| 17. | കോവിഡ്-19 – ഹോട്ട്സ്പോട്ടുകളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് | DCIDK/1640/2020– DM1 (2) തീയതി 27.04.2020 |
| 18. | കോവിഡ്-19 – ഇടുക്കി ജില്ല റെഡ്സോൺ- സർക്കാർ ഓഫീസുകളുടെ പ്രവർത്തനത്തിന് ഇളവനുവദിച്ച് കൊണ്ടുള്ള ഉത്തരവ് | DCIDK/1640/2020– DM1 തീയതി 28.04.2020 |
| 19. | കോവിഡ്-19 – ഹോട്ട് സ്പോട്ടുകളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് | DCIDK/1640/2020– DM1 തീയതി 29.04.2020 |
| 20. | കോവിഡ്-19 – ഇടുക്കി ജില്ല -റെഡ്സോൺ- വിവിധ സേവനങ്ങൾക്ക് അധികമായി ഇളവനുവദിച്ച് കൊണ്ടുള്ള ഉത്തരവ് | DCIDK/1640/2020– DM1 (5) തീയതി 29.04.2020 |
| 21. | കോവിഡ്-19, ജില്ലയിലെ തോട്ടം മേഖലയിലെ അതിഥി തൊഴിലാളികൾക്കുള്ള സൌജന്യ റേഷൻ വിതരണം ചെയ്യുന്നതിന് ജില്ലാ ലേബർ ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള | DCIDK/1640/2020– DM1 (1) തീയതി 30.04.2020 |

| | | |
|---|---|---|
| | ഉത്തരവ്. | |
| 22. | മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ദിവംഗതനായത് - ഭൌതികശരീരം പൊതുദർശനത്തിന് വയ്ക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് | DCIDK/1640/2020- DM1 (1) തീയതി 02.05.2020 |
| 23. | കോവിഡ്-19 – ഹോട്ട് സ്പോട്ടുകളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് | DCIDK/1640/2020- DM1 (5) തീയതി 04.05.2020 |
| 24. | കോവിഡ്-19 – പ്രവാസികളുടെ മടങ്ങി വരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിന് ജില്ലാ തല സമിതി രൂപീകരിച്ച ഉത്തരവ് | DCIDK/1640/2020- DM1 (1) തീയതി 06.05.2020 |
| 25. | കോവിഡ്- 19 - ഇടുക്കി ജില്ല-കൺടെയിൻമെൻറ് മേഖലകൾ വിജ്ഞാപനം ചെയ്തും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയുമുള്ള ഉത്തരവ് | DCIDK/1640/2020- DM1 (3) തീയതി 06.05.2020 |
| 26. | കോവിഡ്- 19 – കേരളത്തിലെ അതിഥിത്തൊഴിലാളികളെ സ്വദേശത്തേക്ക് അയയ്ക്കുന്നതിനും അന്യസംസ്ഥാന/രാജ്യത്തു നിന്നും എത്തിച്ചേരുന്ന കേരളീയരെ സ്വീകരിച്ച് സ്വദേശത്തേക്ക് എത്തിക്കുന്നതിനും ജീവനക്കാരെ നിയോഗിച്ചു കൊണ്ടുള്ള ഉത്തരവ്. | DCIDK/17/2020- A1 തീയതി 06.05.2020 |
| 27. | കോവിഡ് -19 അന്യസംസ്ഥാനത്തു നിന്ന് എത്തുന്നവരെ ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിൽ പ്രവേശിപ്പിക്കുന്നതിന് ക്വാറൻറൈൻ സെൻററുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച ഉത്തരവ് | DCIDK/1640/2020- DM1 (2) തീയതി 13.05.2020 |